# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 480 — 20.10.11 ൽ -മറുപടിക്ക്

## റേഷൻ വിഹിതം

**ചോദ്യം**

ശ്രീ. എം. ഉമ്മർ

**ഉത്തരം**

ശ്രീ.ടി.എം.ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.)

(എ) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരിയും ഗോതമ്പും കാർഡുടമകൾക്ക് അനുവദിച്ച വിഹിതത്തേക്കാൾ കുറഞ്ഞതോതിലാണ് ഷോപ്പുടമകൾ നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ഇല്ല.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും സൗജന്യ റേഷനരി ലഭിക്കാൻ അർഹതപ്പെട്ടവർക്കും അളവിൽ കുറവുവരുത്തി നല്കുകയോ നൽകാതിരിക്കുകയോ ചെയ്യുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ട്.

(സി) അതു പരിഹരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കുന്നതിന് 1800 - 425 - 1550 എന്ന ടോൾഫ്രീ നമ്പർ നിലവിലുണ്ട്. പൊതുജനങ്ങൾക്ക് ഈ നമ്പരിൽ പരാതി സമർപ്പിക്കാവുന്നതാണ്. തൂക്കത്തിൽ കുറവ് വരാതിരിക്കാനായി എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് ത്രാസ്സുകൾ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ റേഷനിംഗ് ഇൻസ്പെക്ടർമാർ, താലൂക്ക് സപ്ലൈ ഓഫീസർ/ ജില്ലാ സപ്ലൈ ഓഫീസർ/ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ/ വിജിലൻസ് ഓഫീസർ എന്നിവർ ചിട്ടയായ പരിശോധനകൾ നടത്തിവരുകയും ചെയ്യുന്നുണ്ട്. പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന വ്യാപാരികൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ